## *ആമുഖക്കുറിപ്പ്*

# ജനകീയാസൂത്രണം ഇനിയെങ്ങോട്ട്?
# പ്രാദേശിക സാമ്പത്തിക വികസനവും തൊഴിൽ സൃഷ്ടിയും

*ഡോ. ജിജു പി. അലക്സ്*

കഴിഞ്ഞ മൂന്നു ദശാബ്ദങ്ങളായി നടത്തിയ അധികാര വികേന്ദ്രീകരണ-ത്തിന്റെയും പങ്കാളിത്ത വികസന പരീക്ഷണങ്ങളുടെയും ഫലമായി സുസ്ഥിരമായ പ്രാദേശിക സാമ്പത്തിക വികസനത്തിന് വേണ്ട ശക്തമായ സ്ഥാപനാടിത്തറ ഒരുക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ത്രിതല പഞ്ചായത്തുകളും നഗര തദ്ദേശ സ്ഥാപനങ്ങളും സങ്കീർണ്ണവും വിപുലവുമായ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കാനുള്ള പ്രാപ്തിയും ആർജ്ജിച്ചിട്ടുണ്ട്. പ്രാദേശിക പ്രകൃതി വിഭവങ്ങളും മനുഷ്യവിഭവശേഷിയും സാമൂഹ്യ മൂലധനവും ഏകോപിപ്പിച്ച് ഉൽപ്പാദന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും വ്യവസായ-- തൊഴിൽ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള കൂടുതൽ ഫലപ്രദമായ സാഹചര്യമാണ് കേരളത്തിൽ കഴിഞ്ഞ ഒരു ദശാബ്ദമായി നിലവിലുള്ളത്. സാമ്പത്തിക വളർച്ച മുൻ നിർത്തിയുള്ള വലിയ മൂലധന നിക്ഷേപത്തോടൊപ്പം സൂക്ഷ്മ തലത്തിൽ ഏറെപ്പേർക്ക് നേരിട്ട് പ്രയോജനപ്രദമായ സാമ്പത്തിക പ്രവർത്തനങ്ങളും ആവശ്യമാണ്. വലിയ തോതിലുള്ള നയ വ്യതിയാനം സംഭവിക്കാത്ത പക്ഷം, സാമ്പത്തിക വികസനത്തിന്റെ ചാലക ശക്തിയായി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് മാറാൻ കഴിയാവുന്ന തരത്തിലുള്ള നൂതനമായ ഒരു വളർച്ചാ മാതൃക ആവിഷ്കരിക്കാനുള്ള സാദ്ധ്യതകൾ ഏറെയാണ്. ഇങ്ങനെ പറയുന്നതിന് പ്രധാനമായും നാല് കാരണങ്ങളുണ്ട്.

ഒന്നാമതായി, തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സ്വയം പര്യാപ്തത കൈവരിക്കുന്നതിനുള്ള സാദ്ധ്യതകൾ മുൻപുണ്ടായിരുന്നതിനേക്കാൾ വളരെയേറെ വർദ്ധിച്ചിട്ടുണ്ട്. പദ്ധതി വിഹിതവും തനത് വരുമാനവും ഗ്രാന്റുകളുമുൾപ്പെടെ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് ലഭ്യമായ ധന വിഭവങ്ങളിൽ കഴിഞ്ഞ ഒരു ദശാബ്ദത്തിനുള്ളിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്.

രണ്ടാമതായി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഭരണപരവും സാങ്കേതികവുമായ ശേഷി പല മടങ്ങ് വർദ്ധിച്ചിട്ടുണ്ട്. വകുപ്പുകൾ കേന്ദ്രീകരിച്ചുള്ള പൊതു വികസന പദ്ധതികൾക്കപ്പുറത്ത്, കൂടുതൽ സാങ്കേതിക വൈദഗ്ദ്ധ്യവും മാനേജ്മെന്റു വൈദഗ്ദ്ധ്യവും ആവശ്യമുള്ള പ്രവർത്തനങ്ങളും പദ്ധതികളും ഏറ്റെടുക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സവിശേഷ വൈദഗ്ദ്ധ്യമുള്ള സ്ഥാപനങ്ങളുടെ സേവനം ആരായാനും അവരെ പദ്ധതികളിൽ പങ്കാളികളാക്കാനും കഴിയും. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാങ്കേതിക ഗവേഷണ സ്ഥാപനങ്ങൾ എന്നിവയിൽ നൂതനാശയ വികസനത്തിനും സംരംഭകത്വത്തിനും അടുത്ത കാലത്ത് വന്നിരിക്കുന്ന പ്രാധാന്യം പ്രയോജനപ്പെടുത്താനുള്ള സാദ്ധ്യതകൾ വർദ്ധിച്ചിട്ടുണ്ട്.

മൂന്നാമതായി, കേരളത്തിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി സമീപകാലത്ത് നടന്ന പ്രചരണ പരിപാടികളുടേയും വ്യവസായ വൽക്കരണത്തിനായി നടന്ന തീവ്രയജ്ഞങ്ങളുടെയും പശ്ചാത്തലത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള സംരംഭകത്വ വികസനത്തിനുള്ള നിയമപരമായ ചട്ടക്കൂടുകൾ പരിഷ്കരിച്ച് കൂടുതൽ കാര്യക്ഷമവും സുതാര്യവുമായ നടപടിക്രമങ്ങൾക്ക് രൂപം കൊടുത്തിട്ടുണ്ട്. ഇവയിൽ ഏറ്റവും പ്രധാനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ

നിയമങ്ങളിലും ചട്ടങ്ങളിലും വരുത്തിയിട്ടുള്ള പരിഷ്കാരങ്ങളാണ്. പ്രാദേശിക തലത്തിലെ സൂക്ഷ്മ ചെറുകിട സംരംഭകർക്ക് വിവിധ ആവശ്യങ്ങൾക്കായി നേരിട്ട് ധനസഹായം നൽകുന്നതിനും അഭ്യസ്ത വിദ്യർക്ക് തൊഴിൽ കണ്ടെത്തി നൽകുന്നതിനുമുള്ള വിപുലമായ അധികാരവും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

നാലാമതായി, ആധുനിക വിവര സാങ്കേതിക വിദ്യയും സാമൂഹ്യ മാദ്ധ്യമങ്ങളും ഇ ഗവേണൻസും തുറന്ന് തരുന്ന സാദ്ധ്യതകളാണ്. ഈ രംഗത്ത് കേരളത്തിന് ഗണ്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. സംരഭകത്വവുമായി ബന്ധപ്പെട്ട ഭരണ പരമായ നടപടിക്രമങ്ങൾ, സംരംഭങ്ങളുടേയും വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും നടത്തിപ്പിനും ശ്യംഖലാവൽക്കരണം, സാങ്കേതിക സഹായം എന്നിവ കാലതാമസമില്ലാതെ അനായാസം നിർവഹിക്കാനുള്ള സാദ്ധ്യതകൾ ഈ സാങ്കേതിക വിദ്യകൾ തുറന്നു തരുന്നുണ്ട്. പുതിയ തൊഴിൽ സാധ്യതകൾ കണ്ടെത്തുന്നതിനും പ്രാദേശിക വികസന സംരംഭങ്ങൾ ഏകോപിപ്പിക്കുന്നതിനും ഈ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയും. മാത്രമല്ല, കേരളത്തിന്റെ സ്റ്റാർട്ടപ്പ് വ്യവസ്ഥയും വളരെയേറെ കാര്യക്ഷമവും ഫലപ്രദവുമാണ്.

ഈ മാറ്റങ്ങൾ മുന്നോട്ട് വയ്ക്കുന്ന സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനുള്ള കർമ്മപരിപാടികൾ പ്രധാന വികസന മേഖലകളിലെല്ലാം തയ്യാറാക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കഴിയും.

### *വികസനാസൂത്രണത്തിൽ നിന്ന് പ്രാദേശിക സാമ്പത്തിക പരിവർത്തനത്തിലേക്ക്*

ഓരോ തദ്ദേശഭരണ പ്രദേശത്തിന്റെയും പ്രത്യേക സാമ്പത്തിക സാധ്യതകൾ തിരിച്ചറിയുന്നതാണ് ഭാവിയിലെ പ്രധാന ദിശ. പ്രകൃതി വിഭവങ്ങൾ, തൊഴിൽശേഷി, കഴിവുകൾ, നിലവിലുള്ള സംരംഭങ്ങൾ, കാർഷിക-കാർഷികേതര പ്രവർത്തനങ്ങൾ, വിനോദസഞ്ചാര സാധ്യതകൾ, വിപണി, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുത്തി പ്രാദേശിക സാമ്പത്തിക പ്രൊഫൈൽ തയ്യാറാക്കാം. ഇതിന്റെ അടിസ്ഥാനത്തിൽ ഏതാനും പ്രധാന മേഖലകൾ തെരഞ്ഞെടുത്ത് വിഭവങ്ങൾ സംയോജിതമായി ഉപയോഗിക്കുന്നതിനുള്ള വികസന പാതകൾ രൂപപ്പെടുത്താൻ കഴിയും. ഒരോ തദ്ദേശ ഭരണ സ്ഥാപനത്തിലും ഉയർന്ന വളർച്ചാ സാദ്ധ്യതയുള്ള സംരംഭങ്ങൾ സാങ്കേതിക മികവോടെ നടപ്പാക്കുന്നതിനുള്ള പദ്ധതികൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഒറ്റയ്ക്കും സംയുക്തമായും ആവിഷ്കരിക്കാം. ഏറ്റവും പുതിയ ജില്ലാ പദ്ധതികളിൽ ജില്ലാ തല സാമ്പത്തിക വികസനത്തിന്റെ സമഗ്രമായ രൂപ രേഖ ഉൾപ്പെടുത്തിയിട്ടുണ്ട്.

### *ഉൽപാദന മേഖലയുടെ പുനരുജ്ജീവനം*

കൃഷി- അനുബന്ധ മേഖലകളിൽ വളർച്ച കൈവരിക്കാതെ കേരളത്തിന് മുന്നോട്ട് പോകാനാകില്ല. കർഷക സംഘടനകൾ, സഹകരണ സ്ഥാപനങ്ങൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ, കുടുംബശ്രീ സംരംഭങ്ങൾ, യുവ സംരംഭകർ എന്നിവയെ ബന്ധിപ്പിച്ച് കാർഷിക മേഖലയെ പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ പ്രധാന അടിത്തറയാക്കേണ്ടതുണ്ട്. ഉൽപ്പന്ന ശേഖരണം, സംസ്കരണം, ബ്രാൻഡിംഗ്, ഗുണനിലവാര ഉറപ്പ്, സംഭരണം, ലോജിസ്റ്റിക്സ്, വിപണന ശ്യംഖല എന്നിവക്കുള്ള സാങ്കേതികവും സംഘടനാപരവുമായ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സജീവമായ പങ്ക് വഹിക്കാം. ഭൗമസൂചിക

ഉൽപ്പന്നങ്ങൾ, പരമ്പരാഗത ഭക്ഷ്യവസ്തുക്കൾ, ഉയർന്ന മൂല്യമുള്ള വിളകൾ, സവിശേഷമായ പ്രാദേശിക കാർഷിക വിജ്ഞാനം എന്നിവയും പ്രയോജനപ്പെടുത്താം. യന്ത്രവൽക്കരണത്തിന്റെയും കൃത്യതാ കൃഷിയുടേയും സഹായത്തോടെ കൂടുതൽ സ്ഥലങ്ങളിലേക്ക് കൃഷി വ്യാപിപ്പിക്കുന്നതിനും ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കാണ് ഏറ്റവും ഫലപ്രദമായി ഇടപെടാൻ കഴിയുക.

*തൊഴിൽ, നൈപുണ്യം, പുതിയ സാമ്പത്തിക മേഖലകൾ*

അഭ്യസ്തവിദ്യരായ യുവാക്കളുടെ ഇടയിലെ തൊഴിലില്ലായ്മ, ജനസംഖ്യാപരമായ മാറ്റങ്ങൾ മൂലമുണ്ടാകുന്ന വയോജനങ്ങളുടെ ആധിക്യം, കുടിയേറ്റം എന്നിവ കേരളത്തിന്റെ തൊഴിൽവിപണിയെ മാറ്റുകയാണ്. ആഗോള പ്രവണതകൾക്കനുസരിച്ച് വിപുലമായ നൈപുണ്യ വികസന പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. ഡിജിറ്റൽ സേവനങ്ങൾ, ആരോഗ്യ-പരിചരണ സേവനങ്ങൾ, ഭക്ഷ്യസംസ്കരണം, സർവീസ്-റിപ്പയർ പ്രവർത്തനങ്ങൾ, സർകുലർ ഇക്കോണമി, ക്രിയാത്മക സംരംഭങ്ങൾ, ടൂറിസം, തുടങ്ങിയ പുതിയ തൊഴിൽ മേഖലകളുമായി നൈപുണ്യ വികസനത്തെ ബന്ധിപ്പിക്കണം. വയോജനങ്ങളുടെയും കുട്ടികളുടെയും പരിചരണവുമായി ബന്ധപ്പെട്ട 'കെയർ ഇക്കോണമി' ഭാവിയിൽ പ്രാദേശികതലത്തിൽ വലിയ തൊഴിൽസാധ്യത സൃഷ്ടിക്കാവുന്ന മേഖലയാണ്.

*അതിജീവനക്ഷമതയും കാലാവസ്ഥാ പ്രതിരോധശേഷിയുമുള്ള പ്രാദേശിക സമ്പദ്‌വ്യവസ്ഥ*

കാലാവസ്ഥാ വ്യതിയാനവും പരിസ്ഥിതി സമ്മർദ്ദങ്ങളും നിരവധി പുതിയ സാമ്പത്തിക അവസരങ്ങളും സൃഷ്ടിക്കുന്നുണ്ട്. വികേന്ദ്രീകൃത പുനരുപയോഗ ഊർജം, മാലിന്യ സംസ്കരണം, മാലിന്യത്തിൽ നിന്ന് വിഭവ നിർമ്മാണം, സർകുലർ ഇക്കോണമി, ജലസംരക്ഷണം, പരിസ്ഥിതി പുനരുദ്ധാരണം, കാലാവസ്ഥാ പ്രതിരോധശേഷിയുള്ള കൃഷി എന്നിവയെല്ലാം തൊഴിലും സംരംഭകത്വവുമായി ബന്ധിപ്പിക്കാവുന്നതാണ്. പ്രാദേശിക വിഭവങ്ങളുടെ പരിപാലനവും പരിസ്ഥിതി സംരക്ഷണവും സാമ്പത്തിക വികസനവും സംയോജിപ്പിക്കുന്നതിനുള്ള പദ്ധതികൾ വരും കാലങ്ങളിൽ തദ്ദേശസ്ഥാപനങ്ങളുടെ പ്രധാനപ്പെട്ട പരിഗണനകളായി മാറും. ഇവയിൽ നിന്നും പുതിയ തൊഴിൽ, സംരംഭകത്വ അവസരങ്ങൾ സൃഷ്ടിക്കപ്പെടും.

*ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായം*

നേരത്തെ സൂചിപ്പിച്ചതുപോലെ ഡിജിറ്റൽ സാങ്കേതികവിദ്യ പ്രാദേശിക ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും വിപണി വിപുലീകരിക്കാൻ സഹായിക്കും. പ്രാദേശിക ഉൽപ്പന്നങ്ങൾ, ഉൽപ്പാദകർ, സേവനദാതാക്കൾ, വിനോദസഞ്ചാര സേവനങ്ങൾ എന്നിവയ്ക്കായി ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വികസിപ്പിക്കാം. സമീപ നഗരങ്ങളും ഗ്രാമപ്രദേശങ്ങളും തമ്മിലുള്ള ഉൽപ്പാദനം, സംസ്കരണം, സേവനങ്ങൾ, ഗതാഗതം, വിപണി എന്നിവയുടെ ബന്ധം ശക്തിപ്പെടുത്തുന്നതിലൂടെ പ്രവർത്തനക്ഷമമായ പ്രാദേശിക സാമ്പത്തിക മേഖലകൾ രൂപീകരിക്കാൻ കഴിയും.

*സ്ഥാപനപരവും നയപരവുമായ മുൻഗണനകൾ*

പ്രാദേശിക സാമ്പത്തിക വികസനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്ഥിരമായ ചുമതലയായി മാറണമെങ്കിൽ അവയുടെ സാങ്കേതിക ശേഷിയും വിഭവശേഷിയും മാനേജ് മെന്റ് വൈദഗ്ദ്ധ്യവും സ്ഥാപന ശേഷിയും ഇനിയുമേറേ ശക്തിപ്പെടുത്തണം. നിലവിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ വിഭാവനം ചെയ്തിട്ടുള്ള സംരംഭകത്വ -

തൊഴിൽ സഹായ കേന്ദ്രങ്ങൾ, തൊഴിൽ-നൈപുണി വികസന കേന്ദ്രങ്ങൾ, പ്രാദേശിക സാമ്പത്തിക വികസന സെല്ലുകൾ, വിദഗ്ധസഹായത്തിനുള്ള പാനലുകൾ, മെച്ചപ്പെട്ട പ്രാദേശിക ഡാറ്റാ സംവിധാനങ്ങൾ, പദ്ധതികൾ വിഭാവനം ചെയ്യുന്നതിനുള്ള പിന്തുണ, നൂതനാശയങ്ങൾ വികസിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ, മികച്ച ഗവേഷണ സ്ഥാപനങ്ങളുമായുള്ള ബന്ധം, തദ്ദേശസ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണം, സഹകരണ സ്ഥാപനങ്ങളുമായുള്ള യോജിച്ച പ്രവർത്തനം എന്നിവ പല മടങ്ങ് മെച്ചപ്പെടുത്തേണ്ടതുണ്ട്. ചെലവഴിച്ച തുകയുടെ അടിസ്ഥാനത്തിൽ മാത്രമല്ല, സൃഷ്ടിക്കപ്പെട്ട തൊഴിൽ, സംരംഭങ്ങളുടെ നിലനിൽപ്പ്, മൂല്യവർധന, പ്രാദേശിക വരുമാനം, സ്ത്രീ-യുവജന പങ്കാളിത്തം, പരിസ്ഥിതി നേട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രകടനം വിലയിരുത്താൻ കഴിയണം.

കേരളത്തിൽ പ്രാദേശിക സാമ്പത്തിക വികസനത്തിനുള്ള ഭാവിസാധ്യതകൾ നിരവധിയാണ്. ശക്തമായ വികേന്ദ്രീകൃത ഭരണസംവിധാനം, ഉയർന്ന മനുഷ്യവികസനം, ശക്തമായ സഹകരണ-പ്രസ്ഥാനം, സക്രിയമായ സാമൂഹിക സ്ഥാപനങ്ങൾ, സാങ്കേതിക മേന്മയും ഗുണ നിലവാരവുമുള്ള മനുഷ്യവിഭവശേഷി, പങ്കാളിത്ത ആസൂത്രണത്തിലെ അനുഭവസമ്പത്ത് എന്നിവ നമ്മുടെ സംസ്ഥാനത്തിന് മാത്രമുള്ള ശക്തികളാണ്. ഇവയെ ഒരു ഏകീകൃത പ്രാദേശിക സാമ്പത്തിക വികസന തന്ത്രവുമായി ബന്ധിപ്പിക്കുകയാണ് അടുത്ത ഘട്ടം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികസന പദ്ധതികളുടെ നിർവാഹകരായി മാത്രം ഒതുങ്ങാതെ, പ്രാദേശിക സമ്പദ്‌വ്യവസ്ഥയുടെ ആസൂത്രണത്തിനും ഏകോപനത്തിനും കഴിവുള്ള ഏജൻസികളായി മാറണം. ഏഴാം സംസ്ഥാന ധനകാര്യ കമ്മീഷൻ, നഗര നയ കമ്മീഷൻ എന്നിവയുടെ റിപ്പോർട്ടുകളിലും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പഞ്ചവത്സര പദ്ധതി മാർഗനിർദ്ദേശങ്ങളിലും ഈ പരിവർത്തനത്തിന്റെ സ്വഭാവവും ദിശയും പൊതുവായ തന്ത്രങ്ങളും ചർച്ച ചെയ്തിട്ടുണ്ട്.